(സി) അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വിജിലൻസ് വകുപ്പിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

69 (2192) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 32 ഒഴിവുകൾ.

(ബി) ഗ്രാമവികസന വകുപ്പിൽ അധികമായി കണ്ടെത്തിയ ക്ലറിക്കൽ തസ്തികകളിൽ നിന്നും 337 പേരെ പുനർവിന്യാസം വഴി പഞ്ചായത്തു വകുപ്പിലേക്ക് നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ തത്ക്കാലം ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ടു ചെയ്യുവാൻ നിർവ്വാഹമില്ല.

സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാൻ നടപടി

70 (2193) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ ഹൈവേ 47-ൽ കൊട്ടിയം ജംഗ്ഷനിൽ മയ്യനാട് പഞ്ചായത്തിൽപ്പെട്ട നാഷണൽ ഹൈവേയിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചു വരുന്നു.

പുറമ്പോക്കുവഴിയിൽ റോഡു നിർമ്മിക്കുന്നതു സംബന്ധിച്ച്

71 (2194) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുംകുളം ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് പുറമ്പോക്ക് വഴിയിൽ ഡോക്ടർ അംബേദ്കർ റോഡു മുതൽ ചാനൽക്കരവരെ റോഡ് നിർമ്മിക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പുറമ്പോക്ക് വഴിയുടെ ഇരുവശങ്ങളിലുമുള്ള ഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തിന് ഫണ്ടില്ലാത്ത സാഹചര്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ റോഡ് നിർമ്മിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമാക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ പഞ്ചായത്തിനും മറ്റ് അധികൃതർക്കും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) പഞ്ചായത്ത് പ്രസ്തുത സ്ഥലത്തെ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിച്ചതിനുശേഷം, റോഡ് നിർമ്മിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമാക്കണമെന്ന വ്യവസ്ഥയിൽ നിവേദനങ്ങളിലെ അഭ്യർത്ഥന കണക്കിലെടുത്ത് റോഡ് നിർമ്മാണം നിവേദനം നൽകിയവരെ ഏൽപ്പിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 10-3-2003-ൽ 1-ാം നമ്പർ ആയി കരുംകുളം ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പൊതുജനപങ്കാളിത്തത്തോടെ പുറമ്പോക്ക് ഭൂമിയിൽ റോഡ് നിർമ്മിക്കുന്നതാണ് ഉചിതമെന്നും പഞ്ചായത്ത് ഫണ്ട് മൈനസ് ആകയാൽ വരുംവർഷങ്ങളിലെ പ്രോജക്ടിൽപ്പെടുത്തി പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യമായ ചെലവുവഹിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. തിരുവനന്തപുരം ആർ.ഡി.ഒ.യുടെ ഉത്തരവനുസരിച്ച് സ്ഥലം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) ശ്രീമതി അംബികയിൽ നിന്നും ശ്രീ. ക്രിസ്തുരാജൻ മുതൽ പേരിൽ നിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

പുറമ്പോക്കുഭൂമി സംരക്ഷിക്കുന്നതിന് നടപടി

72 (2195) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തുവക കുഴിവിള എന്ന സ്ഥലത്തെ പുറമ്പോക്കു വഴി (സർവേ നമ്പർ 168/6) വശങ്ങളിലുള്ള വസ്തു ഉടമകൾ കൈയേറിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പുറംപോക്കുഭൂമിയുടെ സംരക്ഷണച്ചുമതല അതാതു പഞ്ചായത്തുകൾക്കാണെന്നിരിക്കെ കരുംകുളം ഗ്രാമപഞ്ചായത്ത് പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly